പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3769 | 23.08. 2017 ൽ മറുപടിക്ക്

# ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികകളിലെ ഒഴിവുകൾ

ചോദ്യം

ശ്രീ.കെ.എസ്.ശബരീനാഥൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ തിരുവനന്തപുരം ജില്ലയിൽ ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിലേക്ക് പി.എസ്.സി. എത്രപേർക്കാണ് അഡ്വൈസ് മെമ്മോ നൽകിയത്, വിശദമാക്കുമോ; | (എ) 24.10.2013 മുതൽ നാളിതുവരെയായിട്ട് 450 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ഇതിൽ 50 പേർക്ക് 2017-ലാണ് അഡ്വൈസ് നൽകിയിട്ടുള്ളത്. |
| (ബി) അഡ്വൈസ് ചെയ്ത എല്ലാവരെയും നിയമിക്കാൻ താമസിക്കുന്നതിന്റെ കാരണം എന്താണ്; നിലവിൽ എന്തെങ്കിലും തടസ്സ - സങ്ങളുണ്ടോ,വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഏറ്റവും ഒടുവിൽ 05.01.2017-ൽ അഡ്വൈസ് മെമ്മോ ലഭിച്ച 50 പേരിൽ ഒരാൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ 4 പേരുടെ നിയമന ഉത്തരവ് നൽകുന്ന നടപടികൾ പൂർത്തിയായി വരുന്നു. ഭാവിയിൽ ഉണ്ടാകുന്ന പ്രൊമോഷൻ, വിരമിക്കൽ, മറ്റു കാരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കിയാണ് ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തത്. പൂർണ്ണമായും പ്രസ്തുത തസ്തികയിൽ ഒഴിവുകൾ ഉണ്ടാകാത്തതിനാൽ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. മറ്റ് തടസ്സങ്ങൾ ഒന്നും തന്നെയില്ല. |
| (സി) അഡ്വൈസ് നൽകിയതിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; ബാക്കിയുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ അടിയന്തര നടപടി കൈക്കൊള്ളുമോ? | (സി) 2013 മുതൽ നാളിതുവരെയായിട്ട് 401 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 4 പേരുടെ നിയമന ഉത്തരവ് നൽകുന്ന നടപടികൾ പൂർത്തിയായി വരുന്നു. മറ്റുള്ള ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.